# ഗ്രാറ്റിവിറ്റി അപ്പീൽ:
# മുൻകൂർ നിക്ഷേപം നിർബ്ബന്ധം; ബേങ്ക് ഗ്യാരണ്ടി പോര

## അലഹബാദ് ഹൈക്കോടതി

W.C. No. 27086/2019 Dt. 23.10.2019

പ്രതമ യു.പി. ഗ്രാമീൺ ബേങ്ക്

x

യൂണിയൻ ഓഫ് ഇന്ത്യ

ബേങ്കിലെ തൊഴിലാളി ജോലിയിൽ നിന്ന് പിരിഞ്ഞുപോന്നപ്പോൾ മേനേജ്മെന്റ് അയാൾക്കു നല്കിയ ഗ്രാറ്റിവിറ്റി പൂർണ്ണതോതിലുള്ളതായിരുന്നില്ല. തനിക്ക് ഗ്രാറ്റിവിറ്റി മുഴുവനായും നല്കണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടെങ്കിലും മേനേജ്മെന്റ് അതിന് തയ്യാറായില്ല. തുടർന്ന് തൊഴിലാളി ഗ്രാറ്റിവിറ്റി കൺട്രോളിങ് അതോറിറ്റി മുമ്പാകെ അപേക്ഷ നല്കി. മേനേജ്മെന്റ് തനിക്ക് നല്കിയതിനേക്കാൾ കൂടുതൽ തുക ഗ്രാറ്റിവിറ്റിയായി ലഭിക്കാൻ തനിക്ക് അവകാശമുണ്ടെന്ന് തൊഴിലാളി ബോധിപ്പിച്ചു. മേനേജ്മെന്റിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ കൺട്രോളിങ് അതോറിറ്റി ബാക്കിയുള്ള തുക തൊഴിലാളിക്കു നല്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കി. ഇതിനെതിരെ മേനേജ്മെന്റ് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. എന്നാൽ അപ്പീൽ ഫയലിൽ സ്വീകരിക്കുന്നതിനുള്ള മുൻ ഉപാധിയായ മുൻകൂർ നിക്ഷേപം നല്കാൻ മേനേജ്മെന്റ് തയ്യാറായില്ല. അതിനു പകരം ബേങ്ക് ഗ്യാരണ്ടി സ്വീകരിച്ച് അപ്പീൽ പരിഗണിക്കണമെന്ന് മേനേജ്മെന്റ് ആവശ്യപ്പെട്ടു. ഗ്രാറ്റിവിറ്റി തുക പണമായി നിക്ഷേപിക്കുകതന്നെ വേണമെന്നും ബേങ്ക് ഗ്യാരണ്ടി സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നും വ്യക്തമാക്കിയ അപ്പലേറ്റ് അതോറിറ്റി മേനേജ്മെന്റിന്റെ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ബേങ്ക് കടുത്ത സാമ്പത്തിക ഞെരുക്കത്തിലും പ്രതിസന്ധിയിലുമായതിനാൽ ഗ്രാറ്റിവിറ്റി തുക കെട്ടിവയ്ക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കണമെന്നും പകരം ബേങ്ക് ഗ്യാരണ്ടി സ്വീകരിച്ച് അപ്പീൽ ഫയലിൽ സ്വീകരിക്കണമെന്നും മേനേജ്മെന്റ് ആവശ്യപ്പെട്ടു. അപ്പീൽ ഫയലിൽ സ്വീകരിക്കുന്നതിനു മുമ്പ് തുക കെട്ടിവയ്ക്കണമെന്ന നിബന്ധന നിർബ്ബന്ധിത വ്യവസ്ഥയാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. അതിനു പകരമായി ബേങ്ക് ഗ്യാരണ്ടി നല്കിയാൽ മതിയെന്ന് നിർദ്ദേശിക്കാനാവില്ലെന്നും അത്തരത്തിലുള്ള വിവേചനാധികാരമുപയോഗിക്കാൻ അപ്പലേറ്റ് അതോറിറ്റിക്ക് നിയമപ്രകാരം അധികാരമില്ലെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.